# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3232 23.03.2015-ൽ മറുപടിയ്ക്ക്**

**പൂർത്തീകരിക്കാത്ത തദ്ദേശ സ്വയംഭരണ പ്രവൃത്തികൾ**

| ചോദ്യം<br><br>ശ്രീ. എ.കെ.ബാലൻ | | മറുപടി<br><br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുൻവർഷങ്ങളിൽ പൂർത്തീകരിക്കാത്തതോ നടപ്പാക്കാത്തതോ ആയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയം നീട്ടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 18.03.2015-ലെ സ.ഉ(സാധാ)നം.792/2015/തസ്വഭവ പ്രകാരം 2015 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇപ്രകാരം പൂർത്തീകരിക്കാൻ ഉണ്ടായിരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | 2176.61 കോടി രൂപയുടെ സ്പിൽ ഓവർ പ്രോജക്ടുകൾ 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുണ്ട്. |
| (സി) | അതത് വർഷം തന്നെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത് എന്ത് കൊണ്ടാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | പദ്ധതി രേഖകൾ തയ്യാറാക്കി സമർപ്പിക്കുന്നതിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും വരുന്ന കാലതാമസം, പദ്ധതികൾ നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശികമായി നേരിടുന്ന എതിർപ്പ്, നഗരസഭയിലെ മരാമത്തു പണികളുടെ സാങ്കേതികാനുമതി നൽകുന്നതിലുള്ള കാലതാമസം എന്നിവയാണ് പ്രധാന കാരണങ്ങൾ. |
| (ഡി) | തുടർ പദ്ധതികൾ പൂർത്തീകരിക്കാൻ നീട്ടി നൽകിയ സമയത്തിനുള്ളിൽ എത്ര കോടി രൂപ ചെലവഴിച്ചു; ഇനിയും സമയം നീട്ടി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ഡി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ ആകെ 2728.01 കോടി രൂപ ചെലവഴിച്ചു. ഇനിയും സമയം നീട്ടി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പദ്ധതികൾ പൂർത്തിയാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഇ) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന പദ്ധതികളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിലുള്ള വ്യത്യസ്ത കാരണങ്ങൾ കൊണ്ടാണ് പൂർത്തീകരിക്കാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ